## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1145 — 02.05.2017 ൽ മറുപടിയ്ക്ക്

## വെറ്റില കർഷകർക്ക് ആനുകൂല്യങ്ങൾ

| ചോദ്യം<br>ശ്രീ.കെ. കെ. രാമചന്ദ്രൻ നായർ | മറുപടി<br>ശ്രീ. വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|
| എ) സംസ്ഥാനത്തെ വെറ്റില കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കമോ; | എ) വെറ്റില കൃഷിയ്ക്ക് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മുഖേന ആനുകൂല്യങ്ങളൊന്നും നൽകുന്നില്ല. |
| ബി) വെറ്റില കർഷകർക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കമോ; | ബി) ഉണ്ട്. നേരത്തെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പ്രീമിയം അടയ്ക്കുന്ന കർഷകർക്ക് സെന്റൊന്നിന് 250 രൂപയാണ് നൽകി വന്നത്. ഈ സർക്കാർ അധികാരമേറ്റ ശേഷം ഇത് നാലിരട്ടിയായി വർദ്ധിപ്പിച്ച് 'പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി' പ്രകാരം വിളവെടുപ്പാരംഭിച്ച വെറ്റില കൃഷിയിടം സെന്റ് ഒന്നിന് 7.50/- രൂപാ എന്ന തോതിൽ പ്രീമിയം ഒടുക്കി ഇൻഷ്വർ ചെയ്യുന്ന പക്ഷം വിളനാശമുണ്ടായാൽ സെന്റൊന്നിന് 1000/- രൂപാ (ആയിരം രൂപ) ക്രമത്തിൽ നഷ്ടപരിഹാരമായി കർഷകന് ലഭിക്കുന്നതാണ്. |
| സി) വെറ്റിലകൃഷിക്ക് ഉണ്ടാകുന്ന രോഗങ്ങൾക്ക് എന്തെല്ലാം പ്രതിവിധികളുണ്ട് എന്ന് മനസിലാക്കിയിട്ടുണ്ടോ; വിശദീകരിക്കമോ; വെറ്റില കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷയുണ്ടെങ്കിൽ അതിൽ ഈ കൃഷിക്കുണ്ടാകുന്ന രോഗങ്ങൾ കൂടി ഉൾപ്പെടുത്തുമോ എന്ന് വ്യക്തമാക്കമോ? | സി) വെറ്റില കൃഷിയ്ക്ക് കേരളത്തിൽ കണ്ടുവരുന്ന പ്രധാന രോഗം 'സാന്തോമോണാസ്' എന്ന ബാക്ടീരിയ മൂലമുണ്ടാകുന്ന ഇലപ്പുള്ളി രോഗമാണ്. രോഗം രൂക്ഷമാകുന്ന അവസ്ഥയിൽ ഇല കൊഴിച്ചിലും, തണ്ടിൽ മുറിപ്പാടുകളും തുടർന്ന് ചെടി (വള്ളി) ആകമാനം ഉണങ്ങി നശിക്കുകയും ചെയ്യുന്നു. രോഗ നിയന്ത്രണത്തിനായി 1% വീര്യമുള്ള 'ബോർഡോമിശ്രിതം' എന്ന കുമിൾ നാശിനി |

പ്രയോഗമാണ് ശുപാർശ ചെയ്തിട്ടുള്ളത്.

വെറ്റില കൃഷിയുടെ രോഗബാധകൾ മൂലമുണ്ടാകുന്ന വിളനാശത്തിനുള്ള നഷ്ടപരിഹാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം പ്രകൃതിക്ഷോഭം കൊണ്ടുണ്ടാകുന്ന വിളനാശത്തിന് മാത്രമേ ഈ പദ്ധതിയുടെ സംരക്ഷണം ലഭിക്കുകയുള്ളൂ.

S. [signature]

**സെക്ഷൻ ഓഫീസർ**